(ബി) ഇതു പരിഹരിക്കുന്നതിനായി ചാവക്കാട് പി.ഡബ്ല്യു.ഡി. എൻ.എച്ച്. സബ് ഡിവിഷൻ സമർപ്പിച്ച എസ്റ്റിമേറ്റിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ദേശീയ പാതയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) IRQP പദ്ധതിയിൽ ഉൾപ്പെടുത്തി കിലോമീറ്റർ 369/000 മുതൽ 395/000 വരെയുള്ള എൻ.എച്ച്. 17-ന്റെ ഭാഗങ്ങളെല്ലാം റീസർഫസിംഗ് നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. വെള്ളക്കെട്ട് വരുന്ന ഭാഗങ്ങളിലെല്ലാം വെള്ളം ഒഴുകിപ്പോകാനാവശ്യമായ ഓടകൾ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മിഷൻ 676-ഉം പൊതുമരാമത്ത് വകുപ്പും

403 (1461) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിൻകീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവയോരോന്നിനും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്; ബജറ്റ് വിഹിതത്തിനു പുറമേയാണോ ഇത് എന്ന് വിശദമാക്കുമോ;

(ബി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണിയാരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം?

ഉത്തരം

(എ) കേരള സർക്കാരിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സംസ്ഥാന ദേശീയ പാതകളുടെ വികസനം എന്നീ പദ്ധതികളും പതാക നൗകാ പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും ഡി.എം.ആർ.സി.-യെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ഭീമമായ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകുന്നതിനാൽ മോണോ റെയിൽ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും അയതിൻപ്രകാരം സംസ്ഥാനത്തിന് യോജ്യമായ 'ലൈറ്റ് മെട്രോ പദ്ധതി' നടപ്പാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡി.എം.ആർ.സി. വിശദമായ പഠനം നടത്തി തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് രണ്ട് പദ്ധതികൾക്കുമായി മൊത്തം 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈപദ്ധതിക്ക് തുക നീക്കവച്ചിട്ടില്ല.

സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനമാണ് നവരത്ന പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന മറ്റൊരു പദ്ധതി. സംസ്ഥാനത്തെ ദേശീയപാതകളായ എൻ.എച്ച്. 17-ഉം 47-ഉം ഉൾപ്പെട്ട 829 കിലോമീറ്റർ അന്താരാഷ്ട്ര നിലവാരത്തിൽ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാതാ വികസന പദ്ധതി (എൻ.എച്ച്.ഡി.പി.) രണ്ടും മൂന്നും ഘട്ടത്തിൽപ്പെടുത്തി എൻ.എച്ച്.എ.ഐ.-യെ 2001 വർഷം ഏൽപ്പിച്ചിരുന്നു. 2004 വർഷം മുതൽ ഭൂമി അക്വയർ ചെയ്യുന്ന നടപടികൾ തുടങ്ങിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ എൻ.എച്ച്.17-ലെയും എൻ.എച്ച്. 47-ലെയും പ്രവൃത്തികൾ ആരംഭിക്കാത്ത ഭാഗങ്ങൾ ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭാവിയിൽ ഉണ്ടാകുന്ന വാഹന സാന്ദ്രതയും സുരക്ഷിതത്വവും കണക്കിലെടുത്ത് ദേശീയപാത 45 മീറ്റർ വീതിയിൽത്തന്നെ വികസിപ്പിക്കാൻ 25-10-2014-ലെ സ.ഉ.(കൈ) 94/2014/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ദേശീയപാതയുടെ വികസനത്തിനാവശ്യമായ തുക പൂർണ്ണമായും വഹിക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാൽ ഈ പ്രവൃത്തിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് കണക്കാക്കിയിട്ടില്ല.

സ്പീഡ് കേരള പദ്ധതിയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 23 പദ്ധതികളാണ് സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്ത് പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പത്ത് പദ്ധതികളുടെ അടങ്കൽ തുക വിശദമാക്കുന്ന പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണ് ഈ തുക കണക്കാക്കിയിട്ടുള്ളത്.

(ബി) സ്പീഡ് കേരള പദ്ധതിയിൽപ്പെടുന്ന ഏതാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ബാക്കി പദ്ധതികളുടെ പണി ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly